പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1826 12.06.2019-ലെ മറുപടിക്ക്

## പിറവം ഡിപ്പോയിൽ നിന്നും പിൻവലിച്ച സൂപ്പർഫാസ്റ്റ് ബസ്

ചോദ്യം — ശ്രീ.അനൂപ് ജേക്കബ്

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും 2019 മേയ് മാസത്തിൽ പിൻവലിച്ച സൂപ്പർ ഫാസ്റ്റ് ബസ് പ്രസ്തുത ഡിപ്പോയിൽ ത്തന്നെ നിലനിർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് പിറവം ഡിപ്പോയിൽ നിന്നും നടത്തിവന്നിരുന്ന പിറവം-സുൽത്താൻ ബത്തേരി സൂപ്പർഫാസ്റ്റ് സർവ്വീസ് സുൽത്താൻബത്തേരിയിൽ നിന്നും സർവ്വീസ് നടത്തുന്നതിനായി ക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ലഭ്യമാക്കുന്നതിനും, സർവ്വീസുകൾ അയക്കുന്നതിന് മതിയായ ബസുകൾ ലഭ്യമാക്കുന്നതിനുമാണ് ഇപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ടി നടപടി പിൻവലിക്കണമെന്ന് ബഹു. എം.എൽ.എ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി നടപടി മൂലം യാത്രക്കാർക്കോ ടി സർവ്വീസിനോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിലാണ് ടി ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. കൂടാതെ കാര്യക്ഷമമായുള്ള സർവ്വീസ് നടത്തിപ്പിനായി ടി ക്രമീകരണങ്ങൾ അത്യന്താപേക്ഷിതമാകയാൽ ആയത് പിൻവലിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ